<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6313 | 31.10.2011ൽ മറുപടിയ്ക്ക് |

<table>
<tr><td colspan="4">സ്ത്രീകൾക്കും കുട്ടികൾക്കുമായി ക്ഷേമപ്രവർത്തനങ്ങൾ</td></tr>
<tr><td colspan="2">ചോദ്യം</td><td colspan="2">ഉത്തരം</td></tr>
<tr><td colspan="2">ശ്രീ. സി. പി. മുഹമ്മദ്<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ്</td><td colspan="2">ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)</td></tr>
<tr><td>(എ)</td><td>സ്ത്രീകൾക്കും കുട്ടികൾക്കുമായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്;</td><td>(എ)</td><td>സ്ത്രീകൾക്കും കുട്ടികൾക്കുമായി സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, വനിതാ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തിരം നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ യഥാക്രമം അനുബന്ധം-1,2 ആയി ചേർത്തിരിക്കുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണോ;</td><td rowspan="3">(ബി) യും (സി) യും (ഡി) യും</td><td rowspan="3">സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന ഭൂരിഭാഗം പദ്ധതികളും സമാനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന മറ്റുവകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നവയാണ്. കൂടുതൽ കാര്യക്ഷമമായ നടത്തിപ്പ് ലക്ഷ്യമിട്ട് വനിതാ ശിശുക്ഷേമ വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്.</td></tr>
<tr><td>(സി)</td><td>എങ്കിൽ ഇവർക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുമോ;</td></tr>
<tr><td>(ഡി)</td><td>ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?</td></tr>
</table>

R. Vijayan

സെക്ഷൻ ഓഫീസർ

## അനുബന്ധം- I

(1) 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും അമ്മമാർക്കും വേണ്ടി നടത്തുന്ന സംയോജിത ശിശുവികസന പദ്ധതി.

(2) ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി നടപ്പാക്കുന്ന സംയോജിത ശിശുസംരക്ഷണ പദ്ധതി.

(3) വനിതകൾക്ക് തൊഴിൽ പരിശീലനവും തൊഴിലും ലഭ്യമാക്കുന്ന ഫിനിഷിങ് സ്കൂൾ പദ്ധതി.

(4) അവിവാഹിതരായ അമ്മമാരുടേയും കുട്ടികളുടേയും പുനരധിവാസം നൽകുന്ന പദ്ധതി.

(5) കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുവേണ്ടിയുള്ള സൈക്കോ സോഷ്യൽ പദ്ധതി.

(6) കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുവേണ്ടി നടപ്പാക്കുന്ന സബലാ പദ്ധതി.

(7) കുട്ടികൾക്കുവേണ്ടിയുള്ള ക്യാൻസർ സുരക്ഷാ പദ്ധതി.

(8) കുട്ടികൾക്കായുള്ള താലോലം ചികിൽസാ പദ്ധതി.

(9) ജയിൽ തടവുകാരുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായപദ്ധതി.

(10) വനിതാ ഗൃഹനാഥകളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായപദ്ധതി.

(11) എൻഡോ സൾഫാൻ ദുരിതബാധിതരായ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായപദ്ധതി.

(12) കുട്ടികൾക്കും വനിതകൾക്കും സംരക്ഷണം നൽകുന്നതിനുവേണ്ടിയുള്ള ക്ഷേമ സ്ഥാപനങ്ങൾ.

(13) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്ന നിബന്ധനയോടെയുള്ള മാതൃത്വ സഹായപദ്ധതി.

(14) വിധവാ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന മംഗല്യാ പദ്ധതി.

R. Vijayan

സെക്ഷൻ ഓഫീസർ

അനുബന്ധം II

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമ പ്രവർത്തനങ്ങൾക്കായി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**വായ്പാ പദ്ധതികൾ**

വളരെ കുറഞ്ഞ പലിശ നിരക്കിൽ (പ്രതിവർഷം 3% മുതൽ 6% വരെ) വായ്പ ലഭ്യമാക്കുന്നു എന്നതാണ് പദ്ധതിയുടെ പ്രത്യേകത. 18 നും 55 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് വായ്പയ്ക്ക് അപേക്ഷിക്കാം. വായ്പയ്ക്കുള്ള പ്രതിവർഷ കുടുംബ വരുമാന പരിധി നഗര പ്രദേശങ്ങളിൽ 55,000/- രൂപയും ഗ്രാമപ്രദേശങ്ങളിൽ 40,000/- രൂപയുമാണ്. ഈട്/ജാമ്യം അനിവാര്യം.

**വിദ്യാഭ്യാസ വായ്പ പദ്ധതി**

പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്ക് മാത്രം വായ്പ നൽകി വരുന്നു. പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ നേടിയിരിക്കണം. വികലാംഗർക്കും, യുദ്ധത്തിൽ മരിച്ച ഭടൻമാരുടെ ആശ്രിതർക്കും മുൻഗണന. പരമാവധി വായ്പാ തുക ന്യൂനപക്ഷ വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപയും പിന്നോക്ക വിഭാഗക്കാർക്ക് 5.00 ലക്ഷവുമാണ്.

**ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾസ് ആന്റ് എംപ്ലോയ്മെന്റ്**

വനിതാ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ "ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾസ് ആന്റ് എംപ്ലോയ്മെന്റ്" എന്നുള്ള പദ്ധതി പ്രകാരം വിവിധ പരമ്പരാഗത മേഖലകളിലും മറ്റ് മേഖലകളിലും "സ്കിൽ ഡവലപ്പ്മെന്റ് ആന്റ് അപ്പ്ഗ്രഡേഷൻ" പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നു.

**എ) പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ – REACH**

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള ഇന്ത്യയിൽ തന്നെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് REACH-റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്.

**ബി)** തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് മെച്ചപ്പെട്ട ജോലി ലഭ്യമാക്കുന്നതിനും ആശയ വിനിമയം, വ്യക്തിത്വ വികസനം മുതലായ മേഖലകളിലും, നവീന വ്യവസായ അധിഷ്ഠിത സാങ്കേതിക മേഖലയിലും പരിശീലനം നൽകുന്നതിനും ഫിനിഷിംഗ് സ്കൂളിൽ ട്രെയിനിംഗുകൾ ആരംഭിച്ചു.

1) കമ്മ്യൂണിറ്റി പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ
2) ഹാൻഡ്‌ലൂം വീവിംഗ് ആന്റ് ഡിസൈൻ
3) ഗോൾഡ് ക്രാഫ്റ്റിംഗ് ആന്റ് ജ്വല്ലറി ഡിസൈനിംഗ്
4) പയ്യന്നൂർ വിമൻസ് പോളി ടെക്നിക്കിൽ ഫിനിഷിംഗ് സ്കൂൾ
5) ട്രെയിനിംഗ് ഇൻ ലൈറ്റ് ആന്റ് ഹെവി വെഹിക്കിൾ ഡ്രൈവിംഗ്
6) പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം

**കരിയർ ഓറിയെന്റേഷൻ പ്രോഗ്രാം**

കേരളത്തിലെ ഹയർ സെക്കൻഡറി വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്ക് നൂതന തൊഴിൽ അവസരങ്ങളെ കുറിച്ച് ബോധവത്ക്കരണം നൽകുന്നതിനായി കരിയർ ഗൈഡൻസ് പദ്ധതി ആവിഷ്ക്കരിച്ച് വരുന്നു.

**ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജൻഡർ അവേർനെസ്**

ജൻഡർ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് വേണ്ടിയുള്ള വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. സ്വയം തൊഴിൽ വഴിയുണ്ടാകുന്ന വനിതാ ശാക്തീകരണവും, വനിതാ സംരംഭകരുടെ വിജയഗാഥ എന്നിവയെ ആസ്പദമാക്കിയ ഡോക്യുമെന്ററിയും പ്രദർശിപ്പിക്കുന്നതാണ്. സ്കൂളുകൾ, കോളേജുകൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവ സംഘടിപ്പിക്കുന്ന സെമിനാറുകൾ, ശില്പശാലകൾ എന്നിവയിലൂടെ ഈ പ്രദർശനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**<u>വനിതകൾക്കുള്ള കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം</u>**

ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെണ്ടർ അവയർനസ്സ് പദ്ധതി പ്രകാരം സ്ത്രീകൾക്കുവേണ്ടിയുള്ള ആറ് കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്.

**<u>തൊഴിലധിഷ്ഠിത പരിശീലനങ്ങൾ</u>**

വനിതാ വികസന കോർപ്പറേഷൻ സ്വയം തൊഴിലിനും, സാധ്യതകൾ കൂടുതലുള്ള വിവിധ മേഖലകളിലും ഹ്രസ്വകാല പരിശീലനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പരിശീലന പരിപാടികൾ സംസ്ഥാന സർക്കാരിന്റെ വിവിധ ഏജൻസികൾ വഴിയാണ് നടപ്പിലാക്കിവരുന്നത്.

**<u>വിപണന മേളകൾ</u>**

വനിതാ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണനമേളകൾ കോർപ്പറേഷൻ സംഘടിപ്പിക്കുന്നു. മറ്റ് ഏജൻസികൾ നടത്തുന്ന വിപണനമേളകളിൽ ഇത്തരം ഉല്പ്പന്നങ്ങൾക്ക് പ്രദർശന സൗകര്യം സൗജന്യമായി ഒരുക്കിക്കൊടുക്കുന്നുമുണ്ട്.

**<u>വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ</u>**

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ തിരുവനന്തപുരം (2), എറണാകുളം (2), മഞ്ചേരി (1), കണ്ണൂർ (1), തിരൂർ (1), വയനാട് (1) എന്നീ ജില്ലകളിലായി എട്ട് വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ നേരിട്ട് നടത്തി വരുന്നു.

**പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം**

സംസ്ഥാന പ്രൈമറി/സെക്കൻഡറി തലത്തിലെ വിദ്യാർത്ഥിനികൾക്ക് സ്വയം രക്ഷയ്ക്കായി ആയോധനകലയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിയ്ക്കുന്നതായിരിക്കും. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പദ്ധതി ആരംഭിക്കുന്നതായിരിക്കും.

R. [illegible]
സെക്ഷൻ ഓഫീസർ